ESTABLISHED 1888
2016 നവംബർ 4 വെള്ളി
1192 തുലാം 19
metrokochi@mm.co.in
മെട്രോ മനോരമ
കൊച്ചി

# നിയമം കർശനമാക്കി നടപടി എടുക്കണം

**ഡോ. എ.ഗോപാലകൃഷ്ണൻ**
ഡയറക്ടർ,
സിഎംഎഫ്ആർഐ



കേന്ദ്ര സമുദ്ര മൽസ്യഗവേഷണ സ്ഥാപനത്തിന്റെ (സിഎംഎഫ്ആർഐ) പഠനപ്രകാരം 2012 നെ അപേക്ഷിച്ചു കഴിഞ്ഞ വർഷം കേരളത്തിന്റെ മൽസ്യസമ്പത്തിൽ 40 ശതമാനത്തിലേറെ കുറവു കണ്ടെത്തിയിട്ടുണ്ട്. മത്തിയുടെ ലഭ്യതയിൽ 2012 നെ അപേക്ഷിച്ചു കഴിഞ്ഞ വർഷം 82 ശതമാനത്തിലേറെ കുറവു വന്നതാണു സംസ്ഥാനത്തെ മൽസ്യസമ്പത്തിൽ വൻ ഇടിവുണ്ടായതിന്റെ പ്രധാന കാരണം. ചെറുമീനുകളുടെ അമിതമായ ചൂഷണം, കാലാവസ്ഥാ വ്യതിയാനം, സമുദ്ര മലിനീകരണം, എൽനിനോ പോലുള്ള പ്രതികൂല പ്രകൃതി പ്രതിഭാസങ്ങൾ തുടങ്ങിയവയാണു മൽസ്യസമ്പത്തു കുറയാനുള്ള പ്രധാന കാരണം. മൽസ്യസമ്പത്തിന്റെ ഘടനയിലുള്ള മാറ്റത്തിനനുസൃതമായി മൽസ്യബന്ധനരീതികൾ ഏകീകരിക്കാത്തതും ഒരു പ്രധാന കാരണമാണ്. 14 ഇനം മൽസ്യങ്ങളുടെ മിനിമം ലീഗൽ സൈസ് (പിടിക്കുന്നതിനുള്ള കുറഞ്ഞ വലുപ്പം) സംസ്ഥാന സർക്കാർ അംഗീകരിച്ചു വിജ്ഞാപനമിറക്കി. ചെറുമീനുകൾ പിടിക്കുന്നതിനെതിരെ നടപടിയും ശക്തമാക്കി. ഗവേഷണ സ്ഥാപനങ്ങളുടെ പഠനഫലങ്ങൾ അടിസ്ഥാനമാക്കിയുള്ള നിർദേശങ്ങൾ യഥാസമയം പ്രായോഗികമായി നടപ്പിലാക്കിയാൽ ഇത്തരം പ്രതിസന്ധികൾ ഒരു പരിധിവരെ തരണം ചെയ്യാനാകും.